കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail-doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1954/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം ജില്ല
തീയതി:17.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ബ്ലോക്ക്പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1954/2017 തീയതി: 17 .11.2017

## കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17

സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.03.2017 മുതൽ 17.10.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കും 30.04.2017 തീയതിവരെ നടത്തിയ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.10.2017 മുതൽ<br>31.10.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സജികുമാർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സിജാറാണി.എസ്. |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനീഷ്.വി.എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എസ്.സജീഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീ.കെ.വിനോദ്കുമാർ | 01.04.2016 മുതൽ 14.06.2016 വരെ |
| | ശ്രീ.കെ.ആർ.വിജയനാചാരി | 14.06.2016 മുതൽ 28.06.2016 വരെ |
| | ശ്രീമതി.സൗമ്യഗോപാലകൃഷ്ണൻ | 29.06.2016മുതൽ 08.08.2016 വരെ |
| | ശ്രീമതി.നൈസി റഹ്മാൻ | 08.08.2016 മുതൽ 19.11.2016 വരെ |
| | ശ്രീ.കെ.ആർ.വിജയനാചാരി | 20.11.2016 മുതൽ 25.12.2016 വരെ |
| | ശ്രീമതി.നൈസി റഹ്മാൻ | 26.12.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബിജു വിശ്വം | 01.04.2016 മുതൽ 03.12.2016 വരെ |
| | ശ്രീ.ബി.വിജയകുമാർ | 05.12.2016 മുതൽ 31.03.2017 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.ആർ.സുബ്രഹ്മണ്യപിള്ള | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 16.08.2016 വരെ |
| | ശ്രീമതി.പൗർണ്ണമി.സി.വി | 16.08.2016 മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ. | ശ്രീമതി.അലിനി.എ. ആന്റണി | 01.04.2016 മുതൽ<br>31.03.2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ലളിതമ്മ | 01.04.2016 മുതൽ<br>31.05.2016 വരെ |
| | ശ്രീമതി.ഷൈനി.എസ്സ് | 01.06.2016 മുതൽ<br>12.07.2016 വരെ |
| | ശ്രീമതി.നജ്മുന്നിസ്സ | 15.07.2016 മുതൽ<br>31.03.2017വരെ |
| മെഡിക്കൽ ഓഫീസർ<br>തലവൂർ ആയുർവേദ ആശുപത്രി | ഡോ.ഫസലുദ്ദീൻ | 01.04.2016 മുതൽ<br>30.11.2016 വരെ |
| | ഡോ.അഭിലാഷ് | 01.12.2016 മുതൽ<br>25.01.2017 വരെ |
| മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | ഡോ.അമ്പിളികുമാരി<br>ഡോ.വൃന്ദ.കെ.എസ് | 26.01.2017 മുതൽ<br>31.03.2017 വരെ |
| | ഡോ.അരുൺ.വി<br>ഡോ.റാണാ.ബി.മോദി | 01.04.2016 മുതൽ<br>13.05.2016 വരെ |
| | ഡോ.അനിത.എ<br>ഡോ.റാണാ.ബി.മോദി | 13.05.2016 മുതൽ<br>29.07.2016 വരെ |
| | ഡോ.വൃന്ദ.കെ.എസ് | 29.07.2016 മുതൽ<br>19.09.2016 വരെ<br>19.09.2016 മുതൽ |

| | | |
|---|---|---|
| | | 04.10.2016 വരെ<br>04.10.2016 മുതൽ<br>14.11.2016 വരെ<br>14.11.2016 മുതൽ<br>31.03.2017 വരെ |
| പട്ടികജാതി<br>വികസന ഓഫീസർ | ശ്രീ.വി.സജീവ് | 01.04.2016 മുതൽ<br>11.11.2016 വരെ |
| | ശ്രീ.ജി.ആനന്ദൻ | 17.11.2016 മുതൽ<br>31.03.2017 വരെ |
| വെറ്ററനറി സർജൻ | ഡോ.ഉമ്മൻ.പി.രാജ് | 01.04.2016 മുതൽ<br>19.09.2016 വരെ |
| | ഡോ.എം.കെ.അനീഷ് | 19.09.2016 മുതൽ<br>31.03.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 01-03-2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2016-17 | 31.10.2017 | ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

ധനകാര്യപത്രികയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) IAY/PMAY പദ്ധതിക്കായി പരിപാലിക്കുന്ന സാംഖ്യ ബാങ്ക് ബുക്കിൽ (Canara Bank) താഴെ ചേർക്കുന്ന പേയ്മെന്റ് വൗച്ചറുകൾ ബുക്ക് ചെയ്തിട്ടില്ല.

| ചെക്ക് നമ്പർ | തീയതി | തുക | പേയ്മെന്റ് വൗച്ചർ ബുക്ക് ചെയ്തത് | കുറവ് |
|---|---|---|---|---|
| 102617 | 24.01.17 | 894301 | 399605 | 494696 |
| 102621 | 16.03.17 | 1742957 | 0 | 1742957 |

| | | | | |
|---|---|---|---|---|
| 102622 | 27.03.17 | 1444258 | 0 | 1444258 |

2) അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല.
3) ബാങ്ക് ബുക്കിൽ വ്യതാസമുള്ള 47,23,692/- രൂപ ഇല്ലാത്ത വൗച്ചർ രേഖപ്പെടുത്തി ക്രമീകരിച്ചു, വിശദാംശങ്ങൾ ഭാഗം 2-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4)കാനറാ ബാങ്കിന്റെ പിടവൂർ ശാഖയിലുള്ള 1037101012910 നമ്പർ അക്കൗണ്ടിൽ (IAY UPGRADATION) 31.03.2017-ൽ 4,370/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇപ്രകാരമുള്ള അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5)കാനറാ ബാങ്കിന്റെ പിടവൂർ ശാഖയിലുള്ള 1037101021920 നമ്പർ അക്കൗണ്ടിൽ (IWMP OTHER INTERVENTION) 31.03.2017-ൽ 1,50,000/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇപ്രകാരമുള്ള അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6)SBT PYKKA അക്കൗണ്ട് പൊരുത്തപ്പെടുത്തിയിട്ടില്ല.
7) IAY പദ്ധതിയ്ക്കായി വിവിധ ബാങ്ക് അക്കൗണ്ടുകളിലായി ആകെ 6,45,49,566/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്ക് ഷെഡ്യൂൾ B-4 ന് IAY പദ്ധതിയുടെ നീക്കിയിരിപ്പ് 70,246/- രൂപയാണ്. തൻമൂലം പഞ്ചായത്ത് ജനറൽ ഫണ്ട് തുക തെറ്റായിട്ടാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## **1-4** സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 109793630 |
| ആകെ | 80166398 |
| വരവ് | 189960028 |
| ചെലവ് | 113574618 |

| | |
|---|---|
| | |
| നീക്കിയിരിപ്പ് | 76385410 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 24741115 | 24741115 | 24741115 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 10950318 | 10950318 | 10950318 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 20000 | 20000 | 20000 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4962803 | 4962803 | 4962803 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 112 | 108341309 | 73 | 41787195 | - | 39 | 65 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ലാ യെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

അസറ്റ് രജിസ്റ്ററിൽ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.അഡ്വാൻസ് രജിസ്റ്റർ ക്രമപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2017 മുതൽ 13.07.2017വരെ | | റിപ്പേർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2016 മുതൽ 27.08.2016 | 01.07.2014 മുതൽ 31.07.2016 വരെ | 26.09.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്

ഇ ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ

ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ്ചെയ്യത്തിന്റെ വിശദവിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് 28.10.2017 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് 2015-16 സാമ്പത്തികവർഷം 1,32,090/- രൂപയും 2016-17 സാമ്പത്തിക വർഷം 3,04,850/- രൂപയും ലഭിക്കുവാനുണ്ടെന്നും ആയത് ബ്ലോക്ക് പഞ്ചായത്തിലെയ്ക്ക് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി

ടെണ്ടർ ഫോറവില, വാറ്റ് ഇനത്തിൽ ഈടാക്കി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ തുകയും പത്തനാപുരം ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതാണ്

## 2-2 <u>ഇ-ടെണ്ടർ വരവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല</u>

ഇ-ടെണ്ടർ വിലയിനത്തിലുള്ള വരവ് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സിഡിപിഒ നിർവ്വഹണം നടത്തിയ 50/16-17,15/16-17-ശാരീരിക വൈകല്യമുള്ളവർക്ക് സ്കൂട്ടർ വാങ്ങുക -എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ടെണ്ടർ ഫോറവില ഈടാക്കിയിരിക്കുന്നത് 5250/-രൂപ നിരക്കിലാണ് .ഏഴ് പേർ വീതം പങ്കെടുത്ത ടെണ്ടറുകളിൽ നിന്നും ബ്ളോക്ക് പഞ്ചായത്തിന് ആകെ ലഭിച്ച ഫോറവില 73500/-രൂപയാണ്(5250x7x2).ടി തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/30-10-2017)ടി രണ്ട് പദ്ധതികൾക്കും ഇ-ടെണ്ടർ നടപടിക്രമങ്ങൾ ചെയ്ത് നൽകിയത് ഐ.ടി മിഷനാണെന്നും ഫാറവില ഉൾപ്പെടെ ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ തുകകളും ഗവൺമെന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള ഓപ്ഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂയെന്നും ഫാറവില ഏത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടുവെന്ന വിവരം ലഭ്യമല്ലയെന്നും അറിയിച്ചിട്ടുണ്ട്..ടി വരവ് തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് വിവരങ്ങൾ

പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## **2-3** ബാങ്ക് ബുക്കിൽ വ്യതാസമുള്ള **47,23,692/-** രൂപ ഇല്ലാത്ത വൗച്ചർ രേഖപ്പെടുത്തി ക്രമീകരിച്ചു

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 25.06.2016 ലെ II-ാം നമ്പർ തീരുമാനവും, സെക്രട്ടറിയുടെ 27/06/2017 ലെ എ3/908/2016 നമ്പർ ഉത്തരവും പ്രകാരം IAY പദ്ധതിക്കായി പരിപാലിച്ചിരുന്ന Central bank of India യിലെ അക്കൗണ്ട് തീർപ്പാക്കി Canara Bankൽ അക്കൗണ്ട് തുടങ്ങാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 30.06.2016 ൽ ബാങ്കിലെ നീക്കിയിരുപ്പായ 7,77,55,746/- രൂപ Canara Bank അക്കൗണ്ടിൽ നിക്ഷേപിച്ചു.എന്നാൽ സാംഖ്യയിലെ Central bank of India ബാങ്ക് ബുക്ക് പ്രകാരം 30.06.2016 ലെ നീക്കിയിരുപ്പ് 7,30,32,054/- രൂപയാണ്. 47,23,692/- രൂപയുടെ വ്യത്യാസം 05.08.2016 ലെ 11601900007 നമ്പർ രസീപ്റ്റ് വൗച്ചർ ജനറേറ്റ് ചെയ്ത് ഒഴിവാക്കി.എന്നാൽ അപ്രകാരം ഒരു തുക (47,23,692/-) ലഭിച്ചിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/31.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

Central bank of India യുടെ 30.03.2017 ലെ സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരുപ്പ് 48,44,025/-രൂപയുണ്ട്. അക്കൗണ്ട് ക്ലോസ് ചെയ്യാതിരുന്നതുമൂലം പിന്നീട് വന്ന തുകകൾ ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതുകൊണ്ടാണ് ഇപ്രകാരം നീക്കിയിരിപ്പ് ഉണ്ടായത്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/31.10.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ചു കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം **1,25,90,079/-**രൂപ നഷ്ടമായി

വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ചു കിട്ടിയ തുകകൾ വിനിയോഗിക്കാതിരുന്നതു മൂലം ബ്ലോക്ക് പഞ്ചായത്തിന് തൻ വർഷം 1,25,90,079/-രൂപ നഷ്ടമായി. വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | പദ്ധതി പ്രകാരം വകയിരുത്തിയ തുക | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|
| വികസനനഫണ്ട് പൊതുവിഭാഗം | 40338923 | 32626262 | 24741115 | 7885147 |
| വികസനനഫണ്ട്, പട്ടികജാതി ഉപ പദ്ധതി | 17494796 | 15356403 | 10950318 | 4406085 |
| വികസനനഫണ്ട്, പട്ടികവർഗ ഉപ പദ്ധതി | 336785 | 211785 | 20000 | 191785 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5470365 | 5069865 | 4962803 | 107062 |
| | | | | 12590079 |

ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കി വികസനപ്രവർത്തനത്തിനായി അനുവദിച്ച തുകകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല 43,523/- രൂപയുടെ നഷ്ടം

2012ലെ പൊതുമരാമത്ത് മാന്വൽ 2009.6. ടെണ്ടർ ഫോമിലെ വ്യവസ്ഥ (40,41) എന്നിവ പ്രകാരം കരാർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നല്കിയാൽ 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതാണ്. തുടർന്നുവരുന്ന 10 ദിവസത്തേയ്ക്ക് കരാർതുകയുടെ 1% ഈടാക്കിക്കൊണ്ട് കരാർവയ്ക്കുവാൻ അനുവദിക്കാവുന്നതാണ്.നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർവയ്ക്കാതിരുന്നാൽ കരാർവയ്ക്കുന്നതിനുള്ള നിർദ്ദേശം റദ്ദ് ചെയ്ത് നിരത ദ്രവ്യം സ്ഥാപനത്തിൽ മുതൽകൂട്ടേണ്ടതാണ്.

എന്നാൽ താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രം.നം | പ്രവൃത്തി | നോട്ടീസ് നല്കിയ തീയതി | പിഴകൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി | കരാറിലേർപ്പെട്ട തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 1 | സന്യാസികോൺ കമ്പിലൈൻ ഓന്തുപാറ കോളനി റോഡ് കരാറുകാരൻ- ജോസ് ജി ഡാനിയേൽ കരാർ തുക- 360320/- | 03.12.16 | 17.12.2016 | 19.12.2016 | 3603/- |
| 2 | കീഴയം കുറന്തമൺ റോഡ് കോൺക്രീറ്റിംഗ് കരാറുകാരൻ- ശ്രീ.ജോസ് ജി | 03.12.16 | 17.12.2016 | 19.12.2016 | 3523/- |

| | | | | | |
|---|---|---|---|---|---|
| | ഡാനിയേൽ<br>കരാർ തുക-<br>3,52,280/- | | | | |
| 3 | അരുവിത്തുറ തേവർകുന്നം ക്ഷേത്രം റോഡ് റീടാറിംഗ്<br>കരാറുകാരൻ- ശ്രീ.അബ്ദുൾ മജീദ് കരാർ തുക- 4,67,573/- രൂപ | 03.12.16 | 17.12.2016 | 24.12.2016 | 4676/- |
| 4 | വടക്കുംവിള – തെറ്റിക്കുഴി ഇടത്തറ മുസ്ലീംപള്ളിറോഡ്<br>കരാറുകാരൻ-<br>ശ്രീ.അബ്ദുൾ മജീദ് കരാർ തുക - 8,20,106/-രൂപ | 03.12.16 | 17.12.2016 | 24.12.2016 | 8201/- |
| 5 | പരുമല ജംഗ്ഷൻ മലയിലഴികംറോഡ് നിർമ്മാണം<br>കരാറുകാരൻ- ശ്രീ.ബി.മധു<br>കരാർ തുക- 3,69,549/-രൂപ | 03.12.16 | 17.12.2016 | 19.12.2016 | 3695/- |

| | | | | | |
|---|---|---|---|---|---|
| 6 | പുത്തലം ഓണംകോട് റോഡ് റീ ടാറിംഗ്<br>കരാറുകാരൻ- ശ്രീ.അബ്ദുൾമജീദ്<br>കരാർ തുക - 4,48,756/-രൂപ | 03.12.16 | 17.12.2016 | 24.12.2016 | 4488/- |
| 7 | വടകോട്ട് മേലൂട്ട് റോഡ് റീ ടാറിംഗ്<br>കരാറുകാരൻ-<br>ശ്രീ. എം. ദാനിയേൽ<br>കരാർ തുക - 4,05,673/-രൂപ | 03.12.16 | 17.12.2016 | 19.12.2016 | 4057/- |
| 8 | നെല്ലൂർപ്പടി അരിങ്ങട ക്ഷേത്രം റോഡ്<br>കരാറുകാരൻ-<br>ശ്രീ.ജോസ് .ജി. ദാനിയേൽ<br>കരാർ തുക - 3,49,378/-രൂപ | 03.12.16 | 17.12.2016 | 19.12.2016 | 3494/- |

| | | | | | |
|---|---|---|---|---|---|
| 9 | അമ്പല നിരപ്പ് അകത്തോട്ട് പേഴുംകാലാ റോഡ്<br>കരാറുകാരൻ- ശ്രീ .എച്ച് സോമൻ<br>കരാർ തുക- 3,72,914/- രൂപ | | 18.03.2017 | 20.03.2017 | 3729/- |
| 10 | വടകോട് മേലോട് റോഡ് റീ ടാറിംഗ് കരാറുകാരൻ- ശ്രീ .എം ദാനിയേൽ കരാർ തുക - 4,05,673/-രൂപ | 03.12.16 | 17.12.16 | 19.12.16 | 4057/- |
| | | | | | 43,523/- |

ക്രമപ്രകാരമുള്ള പിഴഈടാക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (4, തീ 28-10-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം കരാർ വയ്ക്കാതിരുന്നവരിൽ നിന്നും ക്രമപ്രകാരമുള്ള പിഴ ഈടാക്കാതിരുന്നതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം 43523 രൂപാ പിഴ ഈടാക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-3** യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നവരിൽ നിന്നും നിയമാനുസൃമുള്ള പിഴ ഈടാക്കിയിട്ടില്ല**- 18,768/-** രൂപയുടെ നഷ്ടം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വലിയമഠം റോഡ് നിർമ്മാണവും കോൺക്രീറ്റിംഗും |

| | |
|---|---|
| കരാറുകാരൻ | ഇബ്രാഹിം, തെങ്ങുവിള തെക്കേതിൽ, പാതിരിക്കൽ |
| കരാർ | 47/AEE/LSGD/SCP/15-16/dt. 03.10.2015 |
| അടങ്കൽ തുക | 8,00,000/- രൂപ |
| കരാർ തുക | 6,25,600/- |

ടി പ്രവൃത്തി ആരംഭിച്ച തീയതി 03.10.2015 ആണ്. കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ് 3 മാസം ആണ്. ഇതുപ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 02.01.2016 ആണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ള തീയതി 23.03.2017 ആണ്. ടെണ്ടർ നിബന്ധന, സെലക്ഷൻനോട്ടീസ് എന്നിവ പ്രകാരം ടി പ്രവൃത്തിക്ക് 2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ (പരിഷ്കരിച്ചത് )2112-1 പ്രകാരം യഥാസമയം പൂർത്തിയാക്കാത്ത പ്രവൃത്തികൾക്ക് കരാർ തുകയുടെ 1% ഈടാക്കിക്കൊണ്ട് (കുറഞ്ഞത് 1000/-രൂപ , പരമാവധി 50,000/-രൂപ)ആദ്യ തവണയും, ആദ്യതവണയ്ക്കു ശേഷം കരാർ തുകയുടെ 2% ഈടാക്കിക്കൊണ്ടും (കുറഞ്ഞത് 2,000/-രൂപ, പരമാവധി 1,00,000/-രൂപ) പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നല്കാവുന്നതാണ്. ഒരുസമയം ദീർഘിപ്പിച്ചു നല്കാവുന്ന കാലയളവ് യഥാർത്ഥത്തിൽ പൂർത്തീകരിക്കേണ്ടുന്ന സമയത്തിന്റെ 25% ത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

ടി പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നതിന് എന്തെങ്കിലും കാരണം രേഖപ്പെടുത്തുകയോ പൂർത്തീകരണ സമയം ദീർഘിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കരാറുകാരന്റെ അപേക്ഷയോ ലഭിച്ചിട്ടില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും താഴെക്കൊടുത്തിരിക്കും പ്രകാരം പിഴ ഈടാക്കേണ്ടതായിരുന്നു.

ആദ്യ ദീർഘിപ്പിക്കൽ -03.01.2016 മുതൽ 25.01.2016 വരെ കരാർ തുകയുടെ 1% തുക 6256/- രൂപ

തുടർന്നുള്ള ദീർഘിപ്പിക്കൽ 26.01.2016 മുതൽ 16.02.2016 വരെ -കരാർ തുകയുടെ 2% തുക 12512/- രൂപ

ആകെ ഈടാക്കേണ്ടുന്ന പിഴ -6256+12512=18768/- രൂപ. ടിതുക യഥാ സമയം നടപടികൾ സ്വീകരിക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കേണ്ടതാണ്.

2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ (പരിഷ്കരിച്ചത് )2112-1 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ദീർഘിപ്പിച്ച് നല്കാവുന്ന പരമാവധി കാലയളവ് യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50% കൂടി മാത്രമാണ്. ടികാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനെതിരേ കരാർ, ടെണ്ടർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

## **3-4** പുത്തലം ഓണംകോട് റോഡ് റീ ടാറിംഗ് **&** കോൺക്രീറ്റിംഗ്, നിർവ്വഹണത്തിൽ ഗുരുതരമായ ക്രമക്കേടുകൾ, **2,71,104/**രൂപ തടസ്സപ്പെടുത്തുന്നു, ക്രമക്കേടുകൾ, സംബന്ധിച്ച് തുടരന്വേഷണം ആവശ്യം

പ്രവൃത്തിയുടെ പേര്-പുത്തലം ഓണംകോട് റോഡ് റീ ടാറിംഗ് & കോൺക്രീറ്റിംഗ്(68/17)

കരാർ നം-28/AEE/LSGD/16-17,dt24-12-2016

കരാറുകാരൻ-ശ്രീ. ഒ .അബ്ദുൾ മജീദ്

അളവു പുസ്തകം-17/16-17

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ (C C First & part Bill) താഴക്കൊടുത്തിരിക്കും പ്രകാരം നല്കിയിട്ടുണ്ട്.

പ്രവൃത്തിമൂല്യം-2,78,055/-

(-)റീ ടെൻഷൻ-6951

ബിൽ തുക-2,71,104/- രൂപ

ടി തുക 31.03.2017 ലെ ബിൽ നമ്പർ 16/16-17 പ്രകാരം പിൻവലിച്ചിട്ടുണ്ട്.എന്നാൽ പ്രവൃത്തിയുടെ അളവുപുസ്തകം പേജ് നമ്പർ 8-ൽ താഴെക്കൊടുത്തിരിക്കുന്ന പ്രകാരം രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു. “In the appendex B the measurement which are failed to apply the correct estimate specification (sub standard)and avoiding from taking measurement” ഇപ്രകാരം രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനപ്പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഒന്നാം ഭാഗികബിൽ നല്കിയിട്ടുള്ള ടി പ്രവൃത്തിയുടെ നിർവ്വഹണം അസി.

എക്സി. എഞ്ചിനീയറുടെ ഓഫീസിന്റെ നിയന്ത്രണത്തിലും , മേൽനോട്ടത്തിലും ആണ് നടന്നിട്ടുള്ളത്. അങ്ങനെ നടന്നിട്ടുള്ള ഒരു പ്രവൃത്തിയിൽ നിലവാരക്കുറവുണ്ടെന്ന് അളവ് എടുക്കേണ്ട ഉദ്യോഗസ്ഥൻ തന്നെ രേഖപ്പെടുത്തിയിട്ടുള്ളത് ഗുരുതരമായ ക്രമക്കേട് നടന്നിട്ടുണ്ട് എന്നതിന്റെ തെളിവാണ്. അസി. എക്സി. എഞ്ചിനീയറുടെ ഓഫീസിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടന്നിട്ടുള്ള പ്രവൃത്തിയിൽ നിലവാരക്കുറവ് ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യ പ്പെട്ടുകൊണ്ടും , പ്രവൃത്തി പൂർത്തീകരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നല്കിയ 30.10.2017 ലെ ഓഡിറ്റ് അന്വേഷണം 5 – ന് ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ടി പ്രവൃത്തി അസി.എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് നടത്തിയിട്ടുള്ളതെന്നും ടിപ്രവൃത്തിയുടെ ഭാഗിക ബില്ലാണ് അസി. എഞ്ചിനീയർ എഴുതി തന്നിട്ടുള്ളതെന്നും, പാർട്ട് ബിൽ നല്കുന്ന സമയത്ത് പരാമർശിച്ചിരിക്കുന്ന രേഖപ്പെടുത്തലുകൾ പേജ് നം 8 -ൽ ഇല്ലായിരുന്നെന്നും അസി.എഞ്ചിനീയർ സ്ഥലം മാറ്റം ലഭിച്ച പോകുന്നതിനു മുമ്പ് സെക്ഷൻ ക്ലാർക്കിന്റെ കയ്യിൽ നിന്നും ഫയൽ എടുത്ത് ടി വിവരങ്ങൾ എഴുതികൊടുക്കുകയാണ് ചെയ്തതെന്നും പറഞ്ഞിരിക്കുന്നു. കൂടാതെ കാവുവിളപ്പടി ചെറുമുടിപ്പടി റോഡ് കോൺക്രീറ്റിംഗ്,ചെറുപ്രാണ്ട അംഗനവാടി റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പൂർത്തീകരിച്ചിട്ടും ബിൽ എഴുതിക്കൊടുത്തിട്ടില്ല എന്നും മറുപടി നല്കി.

പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തിക്കായി ഒന്നാം ഭാഗികബിൽ പ്രകാരം നല്കിയിട്ടുള്ള 2,71,104/ രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ ടി പ്രവൃത്തിയുടേയും, മറ്റ് 2 പ്രവൃത്തികളുടേയും നിർവ്വഹണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ചും തുടരന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-5 വനിത ഗ്രൂപ്പുകൾക്ക് പശു വളർത്തൽ-പദ്ധതി നടത്തിപ്പിലുള്ള അപാകതകൾ

വനിതാ ഗ്രൂപ്പുകൾക്ക് പശുവളർത്തുന്നതിനുള്ള ആനുകൂല്യം നൽകുന്നതിനായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളാണ് പ്രോജക്ട് നമ്പർ 108/16-17, പ്രോജക്ട് നമ്പർ 46/16-17 എന്നിവ 5 അംഗങ്ങളുള്ള ഒരു ഗ്രൂപ്പിന് ഗുണഭോക്താവൊന്നിന് 20,000/-രൂപ

നിരക്കിൽ 100,000/-രൂപയാണ് സബ്സിഡിയായി നൽകിയിരിക്കുന്നത്. ആകെ 24 ഗ്രൂപ്പുകൾക്ക് ആനുകൂല്യം അനുവദിച്ച ടി പദ്ധതികളുടെ നിർവ്വഹണത്തിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു

1)ജി.ഒ(എം.എസ്)4/2016/ത.സ്വ.ഭ.വ.11.01.2016 പ്രകാരം ഗ്രൂപ്പ് സംരഭ ങ്ങൾക്ക് ആനുകൂല്യം നൽകുമ്പോൾ ഗ്രൂപ്പ് സംരഭങ്ങളിൽ 10 പേർ അംഗങ്ങളായി ഉണ്ടായിരിക്കണം. എന്നാൽ അംഗങ്ങൾ 5 ൽ കുറയാത്തതും 10 ൽ കുറഞ്ഞതുമാണെങ്കിലും ധനസഹായം നൽകാം. എന്നാൽ അങ്ങനെ ധനസഹായം നൽകുമ്പോൾ അംഗങ്ങളുടെ എണ്ണത്തിന്റെ കുറവിന് ആനുപാതികമായി ധനസഹായതുകയിൽ കുറവ് വരുത്തണം.

2)ഗ്രൂപ്പ് സംരഭങ്ങൾ ഒറ്റ യൂണിറ്റായി സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുകയും യൂണിറ്റിന് പൊതുവായ വിപണന സംവിധാനവും കണക്ക് സൂക്ഷിപ്പ് രീതിയും ഉണ്ടായിരിക്കുകയും വേണം.അങ്ങനെ ഇല്ലെങ്കിൽ വ്യക്തിഗത സംരഭമായി കണക്കാക്കും.

3)ഗ്രൂപ്പ് സംരഭങ്ങൾ നിർബന്ധമായും വായ്പാ ബന്ധിതമായി നടപ്പാക്കണം. സബ്സിഡി തുക ബാങ്കിൽ അടയ്ക്കണം.

എന്നാൽ ബ്ളോക്ക് പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത് മേൽ സബ്സിഡി നിർദ്ദേശങ്ങൾക്കനുസൃതമല്ല. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളിൽ 23 എണ്ണത്തിനും ബാങ്കിൽ നിന്നും ലോൺ അനുവദിച്ചുകൊണ്ടുള്ള വിശദാംശങ്ങളില്ല. ഗ്രൂപ്പുകളെ ഗ്രാമസഭ തെരെഞ്ഞെടുത്തതിന്റെയും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ബാങ്ക് ലോൺ ബന്ധിതമായ പദ്ധതിയിൽ സബ്സിഡി അനുവദിച്ചിരിക്കുന്നത് ഗുണഭോക്തൃഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ്. ലോൺ അനുവദിച്ച ബാങ്കിന്റെ അക്കൗണ്ടിൽ തുക നൽകിയിട്ടില്ല. ഗ്രൂപ്പ് സംരഭമായ പദ്ധതിയിൽ ചില ഗ്രൂപ്പുകളിൽ ഉരുക്കളെ വാങ്ങിയിരിക്കുന്നത് വ്യക്തിഗതമായിട്ടാണ്.

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയിരിക്കുന്ന പദ്ധതിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം-9/30-10-2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 41,00,000/-രൂപയുടെ

ചെലവ് (പ്രോജക്ട് നം-108/16-17 പ്രകാരം 24 ലക്ഷം രൂപ, (ബിൽ നം- 1/16-17 /31.03.17 10ലക്ഷം, ബിൽ നം-2/16-17/31.03 2017-14 ലക്ഷം രൂപ)-പ്രോജക്ട് നം-46/16-17 പ്രകാരം 21 ലക്ഷം രൂപ (ബിൽ നം-3/16-17/ 31.03.17-10 ലക്ഷം, ബിൽ നം-4/16-17/31.03.2017 പ്രകാരം 11 ലക്ഷം) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-6 ജനകീയ ജൈവപച്ചക്കറി കൃഷി പദ്ധതി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

വികസനഫണ്ടിൽ നിന്നും 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പ്രോജക്ട് നം-23/16-17 -ജനകീയ ജൈവപച്ചക്കറി കൃഷി എന്ന പദ്ധതി പ്രകാരം 543 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നതിന്റെ ചെലവ് രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജീവാണുവളം, പച്ചക്കറിതൈകൾ, കീടകുമ്മിൾനാശിനി, സ്പ്രേയർ, ജൈവവളം എന്നീ ഇനങ്ങൾക്ക് സബ്സിഡി അനുവദിച്ച പദ്ധതിയിൽ ജൈവവളത്തിന് മാത്രമാണ് ഗുണഭോക്തൃഗ്രൂപ്പിന്റെ വിലച്ചീട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്തൃഗ്രൂപ്പിന് അനുവദിച്ചിരിക്കുന്നത്. ബാക്കി ഇനങ്ങൾ KAIDCO-ൽ നിന്നും വാങ്ങി ആയതിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ KAIDCO-യ്ക്ക് ഒരു യൂണിറ്റിന് 1230/-രൂപ നിരക്കിൽ സബ്സിഡി തുക അനുവദിച്ചിരിക്കുകയാണ്. എന്നാൽ വിളക്കുടി പഞ്ചായത്തിലെ 10 യൂണിറ്റുകൾക്കുള്ള സാധനങ്ങൾ KAIDCO-ൽ നിന്നും വാങ്ങിയതിന്റെ ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. ബാക്കി 533 യൂണിറ്റുകൾക്ക് 1230/-രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നതിനാധാരമായ KAIDCO യുടെ ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം-തീയതി | പഞ്ചായത്ത് | KAIDCO-യ്ക്ക് അനുവദിച്ച തുക-യൂണിറ്റിന്റെ എണ്ണം |
|---|---|---|
| 5/16-17/30.03.2017 | തലവൂർ | 61500/-രൂപ/50എണ്ണം |

| | | |
|---|---|---|
| | പിറവഞ്ചൂർ | 136530/- രൂപ/111 എണ്ണം |
| 6/16-17/31.03.2017 | തലവൂർ | 59040/-രൂപ/48 എണ്ണം |
| | വിളക്കുടി | 67650/-രൂപ/55എണ്ണം |
| | പട്ടാഴി വടക്ക് | 115620/-രൂപ/94എണ്ണം |
| | പട്ടാഴി | 43600/-രൂപ/109എണ്ണം |
| 8/16-17/31.03.2017 | വിളക്കുടി | 36900/-രൂപ/30 എണ്ണം |
| | തലവൂർ | 44280/-രൂപ/36 എണ്ണം |

മേൽ സൂചിത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/30.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. 533 യൂണിറ്റുകൾക്ക് സബ്സിഡി അനുവദിച്ച 655590/- രൂപയുടെ (1230x533) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 ശാരീരിക വൈകല്യമുള്ളവർക്ക് സ്കൂട്ടർ വിതരണം -പദ്ധതി നിർവ്വഹണത്തിലുള്ള അപാകത

സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ ശാരീരിക വൈകല്യമുള്ളവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വാങ്ങി നൽകുന്നതിനായി നടപ്പിലാക്കി പദ്ധതികളുടെ (പ്രോജക്ട് നം-50/16-17പ്രകാരം 20 ഗുണഭോക്താക്കൾക്കും, 15/16-17 പ്രകാരം 25 ഗുണഭോക്താക്കൾക്കും) നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) ആനുകൂല്യം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും ഇൻവാലിഡ് കാരേജ് ലൈസൻസെടുത്തിട്ടില്ല.

2)ടി പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ വാഹനങ്ങൾ രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് |
|---|---|
| 50/16-17 | സന്തോഷ്കുമാർ,തോട്ടത്തിൽ വീട്, പട്ടാഴി |
| | റോസമ്മ,അറന്നകുളങ്ങരവീട്, പട്ടാഴി വടക്ക് |
| | ശിശുപാലൻ, ഈട്ടിമൂട്ടിൽ വീട്, പിറവന്തൂർ |
| | മുഹമ്മദ് ഇസ്മയിൽ, ബിസ്മി മൻസിൽ |
| | രാജശേഖരൻ പിള്ള, രാജി ഭവൻ,പട്ടാഴി |
| 15/16-17 | ഷാജി വർഗ്ഗീസ്, ഒറ്റത്തെങ്ങിൽ വീട്, വിളക്കുടി |
| | പ്രസാദ്, ചരുവിള വീട്, കുന്നിക്കോട് |
| | സുബൈർ, സുബീന മൻസിൽ |
| | ഭാസ്കരൻ.സുമി ഭവൻ |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകളും എല്ലാ ഗുണഭോക്താക്കളും അംഗീകൃത ലൈസൻസ് എടുത്തതിന്റെ രേഖകളും വാങ്ങി ഫയലിൽ സൂക്ഷിക്കുവാൻ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥയെന്ന നിലയിൽ സി.ഡി.പി.ഒ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലുള്ള അപാകതകൾ

1)പഠനമുറി നിർമ്മാണം – സബ്സിഡി തുക അനുവദിച്ചതിൽ അപാകത

എ) മൂല്യനിർണ്ണയം നടത്തിയ തുകയിൽ നിന്നും അധികരിച്ച് സബ്സിഡി നൽകിയിരിക്കുന്നു

എസ്.സി.പി ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പ്രോജക്ട് നം-86/16-17 എസ്.സി പഠനമുറി എന്ന പദ്ധതിയുടെ നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പട്ടികജാതിവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ അളവെടുക്കുന്ന മൂല്യത്തിനനുസൃതമായി ഒരു ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീമതി സുശീല, താന്നിത്തടത്തിൽ വീട്, മരങ്ങാട്, എലിക്കോട്, ശ്രീമതി സുധ സജീവ്, ഈട്ടിക്കൂട്ടത്തിൽ വീട്, ഇളമ്പൽ, മനക്കര എന്നീ ഗുണഭോക്താക്കൾ നിർമ്മിച്ച പഠനമുറിയ്ക്ക് വിളക്കുടി എൽ.എസ്.ജി.ഡി ഓവർസിയർ മൂല്യനിർണ്ണയം നടത്തിയിരിക്കുന്നത് 50,000/-രൂപയെന്നാണ്. എന്നാൽ സുശീലക്ക് ആകെ 75,000/-രൂപ ബിൽ നം-4/16-17/31-03-17,,ബിൽ നം-10/16-17/31.03.17 എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. സുധസജീവിന് 50,000/-രൂപ ബിൽ നം-8/16-17/31.03.2017 പ്രകാരവും 25,000/-രൂപ 17-18 (ബിൽ നം-2/17-18/ 28.07.2017)സാമ്പത്തിക വർഷത്തിലും നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയ തുകയിൽ നിന്നും അധികരിച്ച് സബ്സിഡി അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-12/31.10.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(ആർ.ടി)397/2017/ത.സ്വ.ഭ.വ 13-02-2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പണിയുന്നതിന് മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് സബ്സിഡി തുകയായ 100,000/- രൂപയുടെ 50% തുക മുൻകൂറായി നൽകാവുന്നതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച അഡ്വാൻസ് തുക കൂടാതെ പണി പൂർത്തീകരിക്കുന്നതിന് മുമ്പായി തന്നെ 24 ഗുണഭോക്താക്കൾക്ക് 25,000/-രൂപ വീതം ആകെ 6,00,000/-രൂപകൂടി ബിൽ നം-10/16-17/31.03.2017 പ്രകാരം പിൻവലിച്ച്

നൽകിയിരിക്കുന്നു. സർക്കാർ നിർദ്ദേശത്തിൽ നിന്നും കൂടുതലായി തുക മുൻകൂറായി അനുവദിച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-12/31.10.2017 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല .ആയതിനാൽ മുൻകൂറായി അധികം നൽകിയ തുകയുടെ ചെലവ് 6,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) ലാപ്പ്ടോപ്പ് വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം-21/16-17(സ്പിൽ ഓവർ പദ്ധതി) പ്രകാരം പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം നടത്തുന്നതിനായി എസ്.സി.പി ഫണ്ടിൽ നിന്നും 9,42,500/-രൂപ ബിൽ നം-1/16-17/07.03.2017 പ്രകാരം ചെലവ് ചെയ്തിട്ടുണ്ട്. 2015-16 നടത്തിയ ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഗ്ലോബൽ ലിങ്ക്സ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും ലാപ്പ്ടോപ്പ് ഒന്നിന് 37,700/-രൂപ ക്രമത്തിൽ 25എണ്ണം (ഇൻവോയ്സ് നം-7268/22-02-17) തൻവർഷം വാങ്ങിയിട്ടുണ്ട്. എന്നാൽ ടി പഠനോപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 13 ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.ബാക്കി 12 എണ്ണം ലാപ്പ്ടോപ്പുകൾ വിതരണം നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-12/31.10.2017 പ്രകാരം നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി 12 എണ്ണം ലാപ്പ്ടോപ്പുകളുടെ വിലയിനത്തിൽ ചെലവായ 4,52,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലാപ്പ്ടോപ്പുകളുടെ സ്റ്റോക്ക്, വിതരണ വിശദാംശങ്ങൾ പരിശോധനയക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-9** മൂന്ന് മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് **18%** പലിശ ഈടാക്കേണ്ടതാണ്

സ.ഉ നം (പി)410/2011 ധനം തീയതി 04/10/2011 ഖ.4 (II,III) എന്നിവ പ്രകാരം 3 മാസത്തിനകം ക്രമീകരണ വൗച്ചർ സമർപ്പിക്കാത്ത മുൻകൂറുകൾ 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്

| ചെക്ക് നമ്പർ | തീയതി | തുക | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വിശദാംശം |
|---|---|---|---|---|
| 162926 | 07/03/2017 | 15000/- | ജോസ് കുമാർ ജോയിന്റ് ബി.ഡി. ഒ | PMAY ട്രെയ്നിംഗ് |
| 7540172 | 30/08/2016 | 15000/- | അനീഷ് എ എസ് EOWW | Trade fare |
| ആകെ | | 30,000/- | | |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/31.10.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.ടി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ബ്ലോക്കിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സൗകര്യം ഒരുക്കൽ, വാങ്ങിയ ഉപകരണങ്ങൾ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ല, 4,11,983/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്-ബ്ലോക്കിനു വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സൗകര്യം ഒരുക്കൽ (126 /17)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ തുക-4,17,200/-(സംരക്ഷണ ഗ്രാന്റ് , റോഡിതരം)

ബിൽ നമ്പർ-38 /16-17 തീ 31.03.2017

ടി പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് റബ്കോയുടെ 09.03.2017 ലെ RHW/16-17/483 നമ്പരായുള്ള ഇൻവോയിസ് പ്രകാരം താഴെ – കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങി.

| ക്രമ നം. | വാങ്ങിയ ഫർണീച്ചർ | എണ്ണം | തുക |
|---|---|---|---|
| 1 | വർക്ക് സ്റ്റേഷൻ സിംഗിൾ സീറ്റർ | 9 | 241168.59 |
| 2 | ഷെൽഫ് (വലുത്) | 1 | 24586.9 |
| 3 | ഓഫീസ് റ്റേബിൾ (എക്സിക്യൂട്ടീവ്) | 3 | 66880.35 |
| 4 | എക്സി ചെയർ (റിവോൾവിംഗ്) | 3 | 21728.37 |
| 5 | വിസിറ്റിംഗ് ചെയർ | 1 | 5446.29 |
| | | | 359810.5 |
| | വാറ്റ് 14.5% | | 52172.5 |
| | ആകെ | | 411983 |

ടി ബില്ലുപ്രകാരം വാങ്ങിയ ഉപകരണങ്ങൾ ബ്ലോക്ക് പഞ്ചായത്തിനു വിട്ടുകിട്ടിയ ഏതെങ്കിലും സ്ഥാപനത്തിനു കൈമാറിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (18, തീയതി 31.10.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള 4,11,983/ രൂപ തടസ്സപ്പെടുത്തുന്നു. ടി ഉപകരണങ്ങൾ വിട്ടുകിട്ടിയ സ്ഥാപനത്തിനു കൈമാറി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ആവശ്യകത കണക്കാക്കാതെ ഉപകരണങ്ങൾ വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ്.

## **3-11** <u>വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, **2,50,000/-** രൂപ തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ സ്വാന്ത്വന പരിചരണം ഗ്രാമ പഞ്ചായത്തിൽ ബ്ലോക്ക് വിഹിതം എന്ന പ്രോജക്ടിനായി ബിൽ നമ്പർ 14 16-17 തീയതി 14.03.2017 പ്രകാരം 2,50,000/- രൂപ പിൻവലിച്ച്

താഴെക്കൊടുത്തിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് നല്കി.

| ക്ര നം | പഞ്ചായത്തിന്റെ പേര് | നല്കിയ തുക |
|---|---|---|
| 1 | പട്ടാഴി ഗ്രാമ പഞ്ചായത്ത് | 150000/- |
| 2 | പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്ത് | 100000/- |
| | ആകെ | 250000/- |

ടി തുകയുടെ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 250000/- രൂപ തടസ്സപ്പെടുത്തുന്നു.വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പത്തനാപുരം ഗ്രാമപഞ്ചായത്ത് | 2016-17 | 897500 | പി.എം.എ.വൈ | 220000 | 677500 |
| പട്ടാഴി | | 400000 | | 160000 | 240000 |
| പട്ടാഴി നോർത്ത് | | 300000 | | 120000 | 180000 |
| പിറവന്തൂർ | | 1040000 | | 240000 | 800000 |
| തലവൂർ | | 1260000 | | 320000 | 940000 |

| | | | | |
|---|---|---|---|---|
| വിളക്കുടി | 240000 | | 160000 | 80000 |

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-3** . മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

**4-4** വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-5** സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി

ഇല്ല

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

**4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80166398 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113574618 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6207990 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സി യിലേയും തുകയാണ്.)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 45000000 | ശ്രീമതി.പൗർണ്ണമി.സി.വി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-6 | 655590 | ശ്രീമതി.അലിനി.എ.ആന്റണി<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| 3-8(1) | 600000 | ശ്രീ.ജി.ആനന്ദൻ<br>പട്ടികജാതി വികസന ഓഫീസർ |
| 3-8(2) | 452400 | ശ്രീ.ജി.ആനന്ദൻ<br>പട്ടികജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 | എൽ.എഫ്.ക്യൂ-ഡി.ബി-1549(14)/14<br>തീയതി 10.07.2014 |
| 1998-99 | എൽ.എഫ്.ക്യൂ-ഡി.ബി-1549(13)/14<br>തീയതി 10.07.2014 |
| 1999-00 | എൽ.എഫ്.ക്യൂ-ഡി.ബി-1549(12/14<br>തീയതി 10.07.2014 |
| 2000-01 | എൽ.എഫ്.ക്യൂ-ഡി.ബി-1549(11)/14<br>തീയതി 10.07.2014 |
| 2001-02 | എൽ.എഫ്.ക്യൂ-ഡി.ബി-1549(10)/14<br>തീയതി 10.07.2014 |
| 2002-03 | എൽ.എഫ്.ക്യൂ-ഡി.ബി-1549(9)/14<br>തീയതി 10.07.2014 |
| 2003-04 | എൽ.എഫ്.ക്യൂ-ഡി.ബി-1549(8)/14<br>തീയതി 10.07.2014 |
| 2004-05 | എൽ.എഫ്.ക്യൂ-ഡി.ബി-1549(7)/14<br>തീയതി 10.07.2014 |

| | |
|---|---|
| 2005-06 | എൽ.എഫ്.ക്യൂ-ഡി.ബി-1549(6)/14<br>തീയതി 10.07.2014 |
| 2006-07 | എൽ.എഫ്.ക്യൂ-ഡി.ബി-1549(5)/14<br>തീയതി 10.07.2014 |
| 2007-08 | എൽ.എഫ്.ക്യൂ-ഡി.ബി-1549(4)/14<br>തീയതി 10.07.2014 |
| 2008-09 | എൽ.എഫ്.ക്യൂ-ഡി.ബി-1549(3)/14<br>തീയതി 10.07.2014 |
| 2009-10 | എൽ.എഫ്.ക്യൂ-ഡി.ബി-1549(2)/14<br>തീയതി 10.07.2014 |
| 2010-11 | എൽ.എഫ്.ക്യൂ-ഡി.ബി-1549(1)/14<br>തീയതി 10.07.2014 |
| 2011-12 | എൽ.എഫ്.ക്യൂ-ഡി.ബി-814/13<br>തീയതി 14.02.2014 |
| 2012-13&2013-14 | എൽ.എഫ്.ക്യൂ-ഡി.ബി-2243/14<br>തീയതി 23.05.2015 |

| | |
|---|---|
| 2014-15&2015-16 | കെ.എസ്.എ-കെ.എൽ.എം-ഡി.ബി-683/2017<br>തീയതി 11.05.2017 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

അനുബന്ധം

## സാക്ഷ്യപത്രം-2016-17

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1954/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി : 17.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം